KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel: +91-471-2318922, Fax: +91-471-2315893, Email: ksidc@vsnl.com, www.ksidc.org
CIN: U45309KL1961SGC001937

# പത്രക്കുറിപ്പ്

**19-04-2023**
**ബുധൻ**

## ജീവശാസ്ത്രമേഖലയുടെ ഭാവി ഇനി ബയോടെക്നോളജി: മുഖ്യമന്ത്രി

### ലൈഫ് സയൻസ് പാർക്ക് അഡ്മിൻ ആൻഡ് ബയോടെക് ലാബ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു

ജീവശാസ്ത്ര മേഖലയുടെ ഭാവി എന്നത് ഇനി ബയോടെക്നോളജിയുടേതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രോഗപ്രതിരോധത്തോടൊപ്പം വൈറൽ ഗവേഷണം, ജനിതക സാങ്കേതികം എന്നീ മേഖലകളുടെ സാധ്യതകൾ തുറന്ന് നാടിന്റെ മുന്നേറ്റത്തിന് ഉപയോഗപ്പെടുത്തണം. അങ്ങനെ 'റിസർച്ച് ഫോർ സോഷ്യൽ വെൽബീയിങ്ങ്' എന്ന ആശയം സാർഥകമാക്കാനാവും. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരിപാടിയോടനുബന്ധിച്ച് തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിലെ അഡ്മിൻ ആൻഡ് ബയോടെക് ലാബ് ഉദ്ഘാടനം ചെയ്ത് കെട്ടിടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് (ഐഎവി) സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

ആരോഗ്യ മേഖലയ്ക്ക് കരുത്തേകുക, നവീന ചികിത്സാ രീതികൾ എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. മെച്ചപ്പെട്ട ആശുപത്രി സൗകര്യം ഒരുക്കിയതു കൊണ്ട് മാത്രം ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാനാവില്ല, മറിച്ച് ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികൾ അതിജീവിച്ച്, സാധ്യതകൾ ഉപയോഗപ്പെടുത്തിവേണം മുന്നേറാൻ. എന്നാൽ മാത്രമേ ആരോഗ്യസുരക്ഷ എന്ന ലക്ഷ്യം നേടാനാവൂ. അതിനാൽ തന്നെ ഈ സാങ്കേതിക പ്രോത്സാഹിപ്പിക്കണം എന്ന ലക്ഷ്യത്തോടെ എൽഡിഎഫ് പുറത്തിറക്കിയ പ്രകടന പത്രികയിൽ കേരളത്തിനു നൽകിയ വാഗ്ദാനങ്ങളിലൊന്ന് തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ വിപുലീകരണമായിരുന്നു.

വളർന്നു കൊണ്ടിരിക്കുന്ന സാമ്പത്തിക മേഖലയാണ് ബയോ ടെക്നോളജി. ജൈവ വിഭവ ഉൽപ്പാദനം, പരിശീലനം, ഉപയോഗം, ഗവേഷണം എന്നിവ ഈ മേഖലയുടെ ഭാഗമാണ്. ഇന്ത്യയുടെ ബയോ എക്കണോമിക്സ് മൂല്യം എന്നത് ഇന്ന് 90 മില്യൺ കണക്കാക്കപ്പെട്ടിരിക്കുന്നു, കൂടാതെ ഓരോ വർഷവും 15 ശതമാനം വളർച്ചാ നിരക്ക് കാണിക്കുന്ന ഈ മേഖലയാണ് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം സംഭാവന ചെയ്യുന്നതും. അതിനാൽ തന്നെയാണ് പ്രധാന്യം ഉൾക്കൊണ്ട് സംസ്ഥാന സർക്കാർ ബയോ ടെക്നോളജി മേഖലയിൽ ഇടപെടുന്നതും.

യുവതയെ ഈ രംഗത്തേക്ക് ഒരുക്കാൻ യങ്ങ് ഇൻവെസ്റ്റേഴ്സ് പ്രോഗ്രാം ഇൻ ബയോ ടെക്നോളജി, ബയോ ടെക്നോളജി ഇന്നോവേഷൻ ഇൻ റൂറൽ ഡെവലപ്മെന്റ് എന്നിവയെല്ലാം ആവിഷ്ക്കരിച്ച് സംസ്ഥാന സർക്കാർ നടപ്പാക്കിയത്. ഇതിന്റെ തുടർച്ചയായിട്ടാണ് തോന്നയ്ക്കലിൽ ബയോ ടെക്നോളജി ലാബുകളും സ്ഥാപിച്ചത്. കേരളത്തിന്റെ ആരോഗ്യ, കാർഷിക രംഗത്ത് പുത്തനുണർവേകാൻ ലൈഫ് സയൻസ് പാർക്കിലെ പുതിയ വിപുലീകരണങ്ങൾക്ക് കഴിയും. ഇത്തരം ബഹുമുഖ ഇടപെടലിലൂടെ ലോകത്തിലെ തന്നെ മികച്ച വൈറോളജി ഗവേഷണ കേന്ദ്രമാക്കി ഇതിനെ മാറ്റുക എന്ന ലക്ഷ്യമാണ് സർക്കാരിനു മുന്നിലുള്ളതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ പരിപാടിയിൽ ഐ.എ.വി പൂർത്തീകരിച്ച വിവിധ പദ്ധതികളുടെ സമർപ്പണവും ബി.എസ്.എൽ കകക ലാബ് സമുച്ചയം, ട്രാൻസ്ജിനിക് അനിമൽ ഫെസിലിറ്റി എന്നിവയുടെ നിർമാണോദ്ഘാടനവും മുഖ്യമന്ത്രി

ഇതോടൊപ്പം നിർവഹിച്ചു. ഐ.എ.വി  ഫേസ് 1 ബി കെട്ടിട സമുച്ചയം, ബി.എസ്.എൽ കക ലാബുകൾ, ഫേജ് ഡിസ്‌പ്ലേ സ്‌ക്രീനിങ് ഫെസിലിറ്റി, വൈറൽ ബയോ അസ്സെ & മെറ്റാ ജീനോമിക്സ് സ്വീകൻസിങ് ഫെസിലിറ്റി തുടങ്ങിയ പദ്ധതികളുടെ ഉദ്ഘാടനമാണ് മുഖ്യമന്ത്രി നിർവഹിച്ചത്. കയർ, നിയമം, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷനായി. വി.ശശി എം.എൽ.എ എന്നിവർ മുഖ്യാതിഥികളായി.

കഴിഞ്ഞ 30 വർഷം ഇൻഫർമേഷൻ ടെക്നോളജിയുടേതായിരുന്നെങ്കിൽ വരുന്ന 30 വർഷം ബയോളജി, ബയോ ടെക്നോളജി എന്നിവയുടേതായിരിക്കും. കേരളത്തിന്റെ ജൈവ വൈവിധ്യവും ബയോ ടെക്നോളജി മേഖലയിലെ നൈപുണ്യവും സംയോജിപ്പിച്ചാൽ വലിയ നേട്ടം ഉണ്ടാകും. കേരളം ഈ മേഖലയിൽ ഇന്ത്യയെ നയിക്കുന്ന രീതിയിൽ വളരുമെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു.

80,000 ചതുരശ്ര അടി വിസ്തീർണത്തിലാണ് അഡ്മിൻ ആൻഡ് ബയോടെക് ലാബ് കെട്ടിടത്തിന്റെ നിർമാണം കെ.എസ്.ഐ.ഡി.സി പൂർത്തിയാക്കിയത്. കെട്ടിടത്തിൽ 22 ലാബുകളാണ് സജ്ജീകരിക്കുന്നത്. ബയോ സേഫ്റ്റി -രണ്ട് കാറ്റഗറിയിലുള്ള 16 ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനമാണ് നിലവിൽ നടത്തി വരുന്നത്. 16 ലാബുകളിൽ എട്ട് ലാബുകൾ പൂർത്തിയായി. ബാക്കി എട്ട് ലാബുകൾ ഈ സാമ്പത്തിക വർഷത്തോടെ പൂർത്തിയാവും. ക്ലിനിക്കൽ വൈറോളജി, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ, ആന്റി-വൈറൽ ഡ്രഗ് റിസർച്ച്, വൈറസ് ആപ്ലിക്കേഷനുകൾ, വൈറസ് എപ്പിഡെമിയോളജി, വൈറസ് ജീനോമിക്സ്, ബേസിക് ആൻഡ് ജനറൽ വൈറോളജി മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ലാബുകളാണ് ഇനി കെട്ടിടത്തിൽ ഒരുങ്ങുന്നത്.  കുരങ്ങുപനി ഉൾപ്പടെ എൺപതോളം വൈറൽ രോഗങ്ങൾ തിരിച്ചറിയാൻ കഴിയുന്ന വിപുലമായ മോളിക്യുലാർ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ ലാബുകളിൽ ഉണ്ടാകും. ബിഎസ്എൽ 3 ലാബുകളുള്ള മറ്റൊരു വിഭാഗത്തിന്റെ നിർമാണവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, ലൈഫ് സയൻസ് പാർക്കിൽ ആരംഭിക്കും.  ഈ ലാബുകളിൽ കോവിഡും പേവിഷബാധയും പരിശോധിക്കാൻ കഴിയും വിധം ആധുനിക സൗകര്യങ്ങളാകും ഐ.എ.വി സജ്ജമാക്കുക.

രണ്ട് ഘട്ടമായാണ് തിരുവനന്തപുരം തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി ലൈഫ് സയൻസ് പാർക്ക് പദ്ധതി സ്ഥാപിക്കുന്നത്. ആദ്യ ഘട്ടത്തിലെ 75 ഏക്കറിൽ 70 ഏക്കറും രണ്ടാം ഘട്ടത്തിലെ 123 ഏക്കറിൽ 86 ഏക്കറും വീതം ഭൂമി കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തു. ആദ്യ ഘട്ടത്തിൽ 20 മീറ്റർ വീതിയുള്ള ആന്തരിക റോഡുകൾ, ജലം (1 എംഎൽഡി), വൈദ്യുതി (3 എംവിഎ) വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവ ഒരുക്കി. വ്യവസായ സംരംഭകർക്ക് സംരംഭം ആരംഭിക്കാൻ ഭൂമിയും അനുവദിച്ചു വരുന്നു. സംരംഭക യൂണിറ്റുകളുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക് നോളജിയുമായി ചേർന്നുള്ള സംരംഭമായി, ലൈഫ് സയൻസസ് പാർക്കിലെ ആദ്യ ഘട്ടത്തിൽ ഒൻപത് ഏക്കർ സ്ഥലത്ത് ഒരു മെഡിക്കൽ ഡിവൈസസ് പാർക്കും (മെഡ്സ് പാർക്ക്) സ്ഥാപിക്കുന്നുണ്ട്. പാർക്ക് പൂർണ സജ്ജമാകുമ്പോൾ 700 ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ (KSCSTE) 30,000 ചതുരശ്ര അടി വിസ്തീർണമുള്ള ആറ് ലാബുകൾ ഉൾപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐഎവി), കേരള വെറ്ററിനറി സയൻസസ് ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സ്ഥാപിച്ച റിസർച്ച് കം ലേണിങ് സെന്റർ എന്നിവയാണ് ആദ്യ ഘട്ടത്തിൽ പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ.

ഐ.എ.വി ഡയറക്ടർ ഡോ.ഇ.ശ്രീകുമാർ പദ്ധതി വിശദീകരിച്ചു. പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ പ്രൊ.വി.കെ രാമചന്ദ്രൻ, വ്യവസായം-നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐ.എ.എസ്, മെന്റർ (സയൻസ്) എം.സി ദത്തൻ, ശാസ്ത്രസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രൊ.കെ.പി സുധീർ, കെഎസ് ഐഡിസി മാനേജിങ് ഡയറക്ടർ എസ്.ഹരികിഷോർ ഐ.എ.എസ്, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ.എസ്.പ്രദീപ് കുമാർ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ആർ ഹരിപ്രസാദ്, മംഗലപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുമ ഇടവിളാകം, കിൻഫ്ര എം.ഡി സന്തോഷ് കോശി തോമസ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് അംഗം എം.ജലീൽ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.എസ് അജിത്ത് കുമാർ, മംഗലപുരം ഗ്രാമപഞ്ചായത്ത് അംഗം വി.അജികുമാർ തുടങ്ങിയവർ പങ്കെടുത്തു.